ပ



പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 732 | 07.11.2016 ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ വികസനത്തിന് മുപ്പത്തഞ്ചിന കർമ്മ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ സുഗമവും സുസ്ഥിരവുമായ വികസനത്തിന് മുപ്പത്തഞ്ചിന കർമ്മ പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 35 ഇന കർമ്മ പരിപാടിയിൽ കൃഷിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്<br>1)മൂല്യവർദ്ധിത വ്യവസായങ്ങൾ<br>2)കാർഷിക വരുമാന ഉറപ്പ് പദ്ധതി<br>3)ജലസുരക്ഷാ ക്യാമ്പയിൻ<br>4)ഭക്ഷ്യസുരക്ഷ<br>5)ശുചിത്വകേരളം<br>6)സാമൂഹ്യസുരക്ഷാ പെൻഷൻ |
| (ബി) ഏതൊക്കെ കാര്യങ്ങൾക്കാണ് പദ്ധതിയിൽ മുൻഗണന നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) 1)<u>മൂല്യവർദ്ധിത വ്യവസായങ്ങൾ</u><br>കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികളുടെ ആഭിമുഖ്യത്തിൽ നാളീകേരം, റബ്ബർ, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയ കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ ശൃംഖലയ്ക്ക് രൂപം നൽകുക.<br>2)<u>കാർഷിക വരുമാനം ഉറപ്പ് പദ്ധതി</u><br>കർഷകർക്ക് മിനിമം വരുമാനം ഉറപ്പു വരുത്തുന്ന പദ്ധതി ആരംഭിക്കുക, എല്ലാ പഞ്ചായത്തുകളിലും ലേബർ ബാങ്ക് സൃഷ്ടിക്കുക, കർഷക തൊഴിലാളികൾക്ക് ആധുനിക കൃഷി രീതിയിൽ പരിശീലനം നൽകുക.<br>3)<u>ജലസുരക്ഷാ ക്യാമ്പയിൻ</u><br>ജലസുരക്ഷയ്ക്കുവേണ്ടി ഒരു ബൃഹത് ക്യാമ്പയിൻ സമഗ്രമായ മണ്ണ് ജലസംരക്ഷണം എന്നിവ നടപ്പാക്കുക<br>4)<u>ഭക്ഷ്യ സുരക്ഷ</u><br>പച്ചക്കറി,പാൽ, മുട്ട എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കുക<br>5)<u>ശുചിത്വകേരളം</u><br>ഉറവിട മാലിന്യ സംസ്കരണം സാദ്ധ്യമാക്കുക |

6)സാമൂഹ്യസുരക്ഷാ പെൻഷൻ

2016 ജൂൺ 1 മുതൽ എല്ലാ പെൻഷനുകളും 1000 രൂപയായി ഉയർത്തി.

**(സി)** ഇവ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**(സി)** (1) മൂല്യവർദ്ധിത വ്യവസായങ്ങൾ

കേരളത്തിന്റെ പ്രമുഖ വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, ചക്ക, തേൻ എന്നിവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉല്പാദനം വിപണനം എന്നിവ സാദ്ധ്യമാക്കുന്നതിന് 15 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതാണ്.

2)കാർഷിക വരുമാനം ഉറപ്പു വരുത്തുന്ന പദ്ധതി

കൃഷി, മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യകൃഷി. തേനീച്ച കൃഷി തുടങ്ങിയ കാർഷിക അനുബന്ധ മേഖലകളെ പരസ്പര പൂരകങ്ങളായി സമന്വയിപ്പിച്ച് കൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്ന രീതിയിൽ സംയോജിത കൃഷി മാതൃകകൾ നടപ്പിലാക്കുന്നതാണ്. കാർഷിക പ്രവർത്തനങ്ങൾ യന്ത്രസഹായത്തോടെ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനായി വിദഗ്ധ തൊഴിലാളികൾ അടങ്ങുന്ന അഗ്രോസർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവ ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. ആധുനിക യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾ ചെയ്യുന്നതിനായി ഇവരിൽ നിന്നും തെരഞ്ഞെടുക്കുന്നവർക്ക് വിദഗ്ധ പരിശീലനം നൽകുന്നതും അതു ഉൾപ്പെടുത്തി അഗ്രോമെഷിനറി സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതുമാണ്.

3) ജലസുരക്ഷാ ക്യാമ്പയിൻ

കൃഷി, ജലസേചനം, മണ്ണ് ജല - സംരക്ഷണം, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന " പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി " പ്രകാരം ജലാശയങ്ങളുടെ സംരക്ഷണം, മണ്ണ് ജലസംരക്ഷണം, മഴക്കുഴികൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ജില്ലാ ജലസേചന പ്ലാനിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

4) ഭക്ഷ്യസുരക്ഷ

പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി വീട്ടുവളപ്പിലെ പച്ചക്കറികൃഷി, സ്കൂൾ പച്ചക്കറി കൃഷി, കർഷക ഗ്രൂപ്പുകൾ മുഖേനയുള്ള വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറികൃഷി എന്നിവ സുരക്ഷിത കാർഷികമുറകൾ പാലിച്ച് സമൂഹത്തിലെ എല്ലാത്തട്ടിലെയും ജനങ്ങളെ ഉൾപ്പെടുത്തി ജനകീയ പങ്കാളിത്തത്തോടെ വിജയകരമായി നടപ്പിലാക്കി വരുന്നു.

5)ശുചിത്വകേരളം

മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ സംസ്കരിച്ച് ജൈവവളമാക്കി മാറ്റുന്നതിനായി മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, റൂറൽ കമ്പോസ്റ്റ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ എന്നിവയ്ക്ക് ധനസഹായം നൽകുന്നു.

മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 75% എന്ന തോതിൽ 7500/- രൂപ വരെയും റൂറൽ കമ്പോസ്റ്റ് യൂണിറ്റിന് 75%എന്ന തോതിൽ 5000/- രൂപയും ജൈവകൃഷി പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു.

ദേശീയബയോഗ്യാസ് വികസന പദ്ധതി പ്രകാരം ദീനബന്ധുമോഡൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് $1M^3$ ശേഷിയുള്ള യൂണിറ്റിന് 8000 രൂപയും $2M^3$ ശേഷിയുള്ള യൂണിറ്റിന് 9000 രൂപയും ധനസഹായം നൽകുന്നു.

6)<u>സാമൂഹ്യസുരക്ഷാ പെൻഷൻ</u>

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തിരം പ്രതിമാസം 600/- രൂപ നിരക്കിൽ വിതരണം ചെയ്തു വന്നിരുന്ന കർഷക പെൻഷൻ 2016 ജൂൺ മാസം മുതൽ പ്രതിമാസം 1000/- രൂപയായി ഉയർത്തി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ